ടെലിഫോൺ : 0471-2512662, 9496551719
തിരുവനന്തപുരം
പിൻ-695 033

ഭരണഭാഷ-മാതൃഭാഷ
ഫാക്സ് : 0471-2305891
E-mail: cpst@niyamasabha.org
Website: www.niyamasabha.org

# പാർലമെന്ററി പഠന പരിശീലന കേന്ദ്രം
# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം,
നമ്പർ 5179/സി.പി.എസ്.ടി. ബി3/2015 / നി.സെ. 22.12.2015.

## വിജ്ഞാപനം

വിഷയം:- കേരള നിയമസഭ - പാർലമെന്ററി പഠന പരിശീലന കേന്ദ്രം - സർട്ടിഫിക്കറ്റ് കോഴ്സ് - 2016 ജനവരി 9,10 തീയതികളിൽ കോഴിക്കോട് കേന്ദ്രത്തിൽ നടത്തുന്ന രണ്ടാംഘട്ട സമ്പർക്ക പഠന ക്ലാസ്സുകളും, സർട്ടിഫിക്കറ്റ് പരിശോധനയും സംബന്ധിച്ച്.

കേരള നിയമസഭയുടെ പാർലമെന്ററി പഠന പരിശീലന കേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സ് 2015 ബാച്ചിലെ പഠിതാക്കളുടെ സർട്ടിഫിക്കറ്റ് പരിശോധനയും, രണ്ടാം ഘട്ട സമ്പർക്ക പഠന ക്ലാസ്സുകളും **2016 ജനവരി 9,10** തീയതികളിൽ രാവിലെ 9.30 മണി മുതൽ വൈകുന്നേരം 5 മണി വരെ കോഴിക്കോട് നടക്കാവ് ഗവൺമെന്റ് വൊക്കേഷണൽ ഗേൾസ് ഹയർസെക്കണ്ടറി സ്കൂളിൽ വച്ച് നടത്തുന്നതാണ്.

സർട്ടിഫിക്കറ്റ് കോഴ്സിന് അഡ്മിഷൻ ലഭിച്ചവരിൽ അഡ്മിഷൻ ഫീസ്, ട്യൂഷൻ ഫീസിന്റെ രണ്ടാം ഗഡു എന്നിവ അടച്ച് ഡി.ഡി/പേ ഇൻ സ്ലിപ് എന്നിവ ഹാജരാക്കിയിട്ടുള്ള പഠിതാക്കൾക്ക് മാത്രമേ സമ്പർക്ക പഠന ക്ലാസിൽ പങ്കെടുക്കുവാൻ അവസരം ലഭിക്കുകയുള്ളൂ.

സമ്പർക്ക പഠന ക്ലാസിൽ പങ്കെടുക്കുന്ന പഠിതാക്കൾ സർട്ടിഫിക്കറ്റ് കോഴ്സിന്റെ തിരിച്ചറിയൽ കാർഡ് നിർബന്ധമായും കൈവശം വയ്ക്കേണ്ടതാണ്. യോഗ്യതാ സർട്ടിഫിക്കറ്റ് നാളിതുവരെ പരിശോധനയ്ക്കായി ഹാജരാക്കാത്ത പഠിതാക്കൾ കോഴ്സിന്റെ പ്രവേശനത്തിനായി നിഷ്കർഷിച്ചിട്ടുള്ള വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റിന്റെ ഒറിജിനലും, ഒരു പകർപ്പും സർട്ടിഫിക്കറ്റ് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

പി.ഡി. ശാരംഗധരൻ
സെക്രട്ടറി